ത്താത്തതാണ്. പല സ്ഥാപനങ്ങളിലും റെഗുലറൈസ് ചെയ്തിട്ടുണ്ട്. കുറേക്കാലമായി ജോലി ചെയ്തുകൊണ്ടിരിക്കുന്ന ദിവസക്കൂലിക്കാരായവരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ഈ പ്രശ്നം പല പ്പോഴും ഗവൺമെന്റ് ആലോചിച്ചിട്ടുള്ളതാണ്. സ്ഥിരപ്പെടുത്താൻ കഴിയുകയില്ലെന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അതിനു ബുദ്ധിമുട്ടുണ്ട്.

ശ്രീ. പി. ബി. ആർ. പിള്ള: അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ഡയറിഫാമുകളിലെ ദിവസക്കൂലിക്കാരായ ആളുകളെ പിരിച്ചു വിടുന്നുണ്ട്. ജോലിസ്ഥിരതയെ സംബന്ധിച്ച് ചില വ്യവസ്ഥകളും യൂണിയനുകളും ഡിപ്പാർട്ടുമെന്റുമായി ഉണ്ടായിട്ടും അവർക്കു ജോലി ലഭിക്കുന്നില്ല. പല ഡയറി ഫാമുകളുടെയും പ്രവർത്തനം കാര്യക്ഷമമായി നടത്താൻ ഗവൺമെന്റ് തയ്യാറായാൽ ഈ ആളുകൾക്കു തൊഴിൽ കൊടുക്കാൻ കഴിയും; സ്ഥിരം ജോലിക്കാരായി അംഗീകരിക്കുവാൻ കഴിയും. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ ഇത് പരിശോധിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതുതന്നെയാണ് ഇതിന്റെ പ്രശ്നം. എല്ലാ ദിവസവും സ്ഥിരമായി ജോലിയുണ്ടായി എന്നു വരികയില്ല. അതുകൊണ്ട് അവരും ഡിപ്പാർട്ടുമെന്റുമായി ഉണ്ടാക്കുന്ന കരാറുകൾ നടപ്പിലാക്കുന്നില്ലെന്നു പരാതിയുണ്ട്. ഞങ്ങൾക്കും ചിലപ്പോൾ പരാതി കിട്ടാറുണ്ട്. ആ പരാതികൾ അപ്പപ്പോൾ പരിശോധിക്കാറുണ്ട്. കൂടുതൽ നിഷ്കർഷതയോടുകൂടി അതു നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്.

സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

* 828 [896] ശ്രീ. കല്ലട നാരായണൻ:

,, കെ. പി. നൂറുദ്ദീൻ:

,, സി. പി. ഗോവിന്ദൻ നമ്പ്യാർ:

,, എൻ. പി. മൊയ്തീൻ:

,, സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്നത്തെ സെക്രട്ടേറിയറ്റ് മാനുവൽ പരിഷ്കരിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ ഇന്നു നിലവിലുള്ള സെക്രട്ടേറിയറ്റ് മാനുവലിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തി ആധുനീകരിക്കുന്നതിന് സത്വര നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ഉണ്ട്.

(ബി) സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു ആവശ്യമായ നടപടിക്രമങ്ങൾ ഉൾപ്പെടുത്തി മാനുവൽ പുതുക്കുന്നതിനു വേണ്ട നടപടികളെടുത്തു വരുന്നുണ്ട്.

ശ്രീ. കെ. പി. നൂറുദ്ദീൻ: സെക്രട്ടേറിയറ്റിലെ പ്രവർത്തനം കാര്യക്ഷമമാകാതിരിക്കുന്നതിനും പ്രവർത്തനങ്ങളിൽ വേഗതയുണ്ടാകാതിരിക്കുന്നതിനും ഒരു പരിധിവരെയുള്ള കാരണം സെക്രട്ടേറിയറ്റിലെ അധികാര കേന്ദ്രീകരണമാണെന്നു അഭിപ്രായമുണ്ട്. അതുകൊണ്ട് സെക്രട്ടേറിയറ്റിലെങ്കിലും അധികാരവികേന്ദ്രീകരണം നടത്തിക്കൊണ്ട് പ്രവർത്തനത്തിന്റെ വേഗത കൂട്ടാൻ ആവശ്യമായ നടപടികളെടുക്കുവാൻ കഴിയുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇതു ഗവൺമെന്റിനുതന്നെ ബോധ്യമുള്ള കാര്യമാണ്. അതുകൊണ്ട് കഴിഞ്ഞ കാലങ്ങളിൽ ഇതിനെ സംബന്ധിച്ച് പല തീരുമാനങ്ങളുമെടുത്തിട്ടുണ്ട്. കൂടുതൽ അധികാര വികേന്ദ്രീകരണം സെക്രട്ടറിയറ്റിൽത്തന്നെ ആവശ്യമാണെന്നു ഗവൺമെന്റിനു ബോദ്ധ്യമുണ്ട്. കൂടുതൽ നടപടികളും എടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. നൂറുദ്ദീൻ: ഈ സെക്രട്ടേറിയറ്റ് മാനുവലിൽ മാറ്റം വരുത്തുന്നതിനെസംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചു കൊണ്ടിരിക്കുന്നുണ്ടെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. എന്തെല്ലാമാണ് വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങളെന്ന സൂചന നൽകാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ഇതു വളരെ വിപുലമായ ഒരു വിഷയമാണ്. അതിനെസംബന്ധിച്ച് 28.11.77-ൽ ശ്രീ. സി.കെ.കെ. പണിക്കർ, ജോയിന്റ് സെക്രട്ടറിയെ സെക്രട്ടേറിയേറ്റ് മാനുവൽ പരിഷ്കരണം സംബന്ധിച്ച സ്പെഷ്യലാഫീസറായി വച്ചു. 10.7.78-ൽ ഒരു റിപ്പോർട്ട് അദ്ദേഹം സമർപ്പിച്ചിട്ടുണ്ട്. ആദ്യത്തെ രണ്ടു ചാപ്റ്റർ സംബന്ധിച്ച റിപ്പോർട്ടാണു സമർപ്പിച്ചിട്ടുള്ളത്. മറ്റു പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനെ സംബന്ധിച്ച കമൻസ് വിവിധ സ്പെഷ്യൽ സെക്രട്ടറിമാരോടു ചോദിച്ചു. അതു കിട്ടിക്കഴിഞ്ഞിട്ടുണ്ട്. ഇനി അതിന്റെ പുറത്തു തീരുമാനം ഉടൻതന്നെ എടുക്കാൻ കഴിയും. ബാക്കിയുള്ള ചാപ്റ്റർ സംബന്ധിച്ച പരിശോധന സ്പെഷ്യലാഫീസർ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. സി.പി. ഗോവിന്ദൻ നമ്പ്യാർ: എം.എൽ.എ. മാർ നൽകുന്ന നിവേദനം പ്രൊപ്പർചാനൽ എന്ന സമ്പ്രദായം സ്വീകരിക്കുന്നതുകൊണ്ട് 1976-ൽ കൊടുത്ത നിവേദനത്തിനു മറുപടി കിട്ടിയിട്ടുള്ളതു ഇന്നലെയാണ്. ഇത്രയും കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കി ഡയറക്ടായി ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ചില അനുഭവങ്ങൾ ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ചും എന്തെങ്കിലും നിവേദനം കിട്ടിക്കഴിഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

അവസാനതീരുമാനം ലഭിക്കാൻ വർഷങ്ങൾ കഴിയണം. ജനപ്രതിനിധികളും പൊതുവിൽ ജനങ്ങളും നൽകുന്ന നിവേദനങ്ങൾക്കുള്ള അവസാനമായ തീരുമാനം അനുകൂലമായാലും പ്രതികൂലമായാലും കാലതാമസമില്ലാതെ ഉണ്ടാകുന്നതിനെ സംബന്ധിച്ച് ഞങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുന്നുണ്ട്.

ശ്രീ. എൻ. പി. മൊയ്തീൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധികാരവികേന്ദ്രീകരണം നടത്തുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നുണ്ടെന്നു പറഞ്ഞു. ഈ അധികാരവികേന്ദ്രീകരണം നടത്തുന്നതിനെ സബന്ധിച്ചുള്ള വല്ല സംവിധാനത്തെ സംബന്ധിച്ചും ഇതിനകം തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ സംവിധാനം എന്താണ്?

ശ്രീ. പി.കെ. വാസുദേവൻ നായർ: ഞാൻ ഇവിടെ ഒരു നടപടിയെ സംബന്ധിച്ച് പറഞ്ഞു. ഒരു സ്പെഷ്യലാഫീസറെവച്ച് അദ്ധ്യേത്തിന്റെ ചില നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. അതിനുപുറമേ 6.ാം പഞ്ചവൽസരപദ്ധതിക്കു രൂപംകൊടുക്കുവാൻ വേണ്ടി പ്ലാനിംഗ് ബോർഡ് നിരവധി സ്റ്റഡിയറിംഗ് കമ്മിറ്റികളും ഉണ്ടാക്കിയിട്ടുള്ളതിൽ Committee on Administrative Reforms and Institutional changes എന്ന പേരിൽ ഒരു സ്റ്റഡിയറിംഗ് കമ്മിറ്റി ഉണ്ടായിട്ടുണ്ട്. ആ കമ്മിറ്റി വിലപിടിച്ച പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ആ നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് ഗവൺമെന്റ് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

ശ്രീ. പി.ബി.ആർ. പിള്ള: ഈ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ മാനുവലിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഇന്നത്തെ ചുറ്റുപാടിൽ സെക്ഷൻ ഓഫീസർ ആയാലും അണ്ടർ സെക്രട്ടറിയായാലും ഒരുദ്യോഗസ്ഥന്റെ കൈയിൽ ഒരു ഫയൽ ഇത്ര ദിവസംവരെ മാക്സിമം വച്ചുകൊണ്ടിരിക്കാമെന്നു ഈ മാനുവലിൽ വ്യവസ്ഥചെയ്തിട്ടുണ്ടോ; അതു പരിശോധിക്കുന്നുണ്ടോ; എത്രനാൾ ഒരു ഫയൽ വച്ചുകൊണ്ടിരിക്കുന്നുണ്ട്; ഡിലേ ഒഴിവാക്കാൻ ശക്തമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: അതിനു ചില സമയങ്ങളെല്ലാം വച്ചിട്ടുണ്ട്. അതിന്റെ മുഴുവൻ വിവരവും എന്റെ കൈയിലില്ല. പലപ്പോഴും ലംഘിക്കപ്പെടുന്നുണ്ടെന്നുള്ളതു നമുക്കറിയാം. അതു കൂടുതൽ കർശനമാക്കാൻ ശ്രമിക്കുന്നുണ്ട്. മാസംതോറും ഓരോ ഡിപ്പാർട്ടുമെന്റിലുള്ള ഫയലുകളുടെ മൂവ്മെന്റ് എങ്ങനെയാണെന്നുള്ളതുസംബന്ധിച്ച് ഞങ്ങൾ ഒരു റിപ്പോർട്ട് ശേഖരിച്ചു കൊണ്ടിരിക്കുന്നുണ്ട്. അതു തൃപ്തികരമാണെന്നു എനിക്കഭിപ്രായമില്ല. അതുകൊണ്ട് അതും കൂടുതൽ വേഗതയിൽ നീക്കേണ്ടിവരും. ഇത്രയും കുറഞ്ഞസമയം ഒരു ഡെസ്കിൽ ഈ ഫയൽ ഇരിക്കാനുള്ള സംവിധാനം എങ്ങനെയാണുണ്ടാകുക തുടങ്ങിയ കാര്യങ്ങൾ ഇപ്പോഴത്തെ ഞങ്ങളുടെ ചർച്ചയിൽ വന്നിട്ടുണ്ട്.

ശ്രീ. പി. പി. എസ്തോസ്: സെക്രട്ടേറിയറ്റിന്റെ പ്രവർത്തന രാഹിത്യത്തെ സംബന്ധിച്ച് ഈ നിയമസഭയിൽ നടന്ന വിപുലമായ ചർച്ചയെതുടർന്ന് സെക്രട്ടേറിയറ്റ് അസോസിയേഷന്റെ ഒരു പ്രസ്താവന വന്നു. വകുപ്പുമന്ത്രിമാരും വകുപ്പു മേധാവികളും സർക്കീട്ടു നടത്തുന്നതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടാണ് ഈ ജോലി യഥാസമയം തീരാത്തതെന്ന് ഒരു പത്ര പ്രസ്താവന കണ്ടു. ഞങ്ങളുടെയൊക്കെ അനുഭവം മറിച്ചാണ്. കസേര കളിൽ ഒരൊറ്റ ജീവനക്കാരും ഇല്ലെന്നുള്ളതാണ് അനുഭവം. കസേരയിൽ ആളുകളും ഇരുന്നു ജോലിചെയ്യാനുള്ള, മറ്റു പരിഷ്ക്കാരങ്ങളൊക്കെ പിന്നീടു നടത്തിയാലും ജോലി സമയത്ത് ജോലി ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്താൻ കഴിയുമോ; അങ്ങനെ ജനങ്ങളുടെ ബുദ്ധിമുട്ടുകളും കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. നിർഭാഗ്യവശാൽ ഇപ്പോഴും പല ഓഫീസുകളിലും—പ്രവർത്തനരാഹിത്യമെന്ന വാക്കുതന്നെ ബഹുമാനപ്പെട്ട മെമ്പർ ഉപയോഗിച്ചു. അതു ശരിയല്ല. നമ്മുടെ സെക്രട്ടേറിയറ്റ് പ്രായേണ മറ്റു സെക്രട്ടേറിയറ്റുകളുമായി താരതമ്യപ്പെടുത്തുമ്പോൾ നല്ല സെക്രട്ടേറിയറ്റാണ്. എന്നാൽപോലും കസേരകളിൽ ആളുകളും സമയത്തു കാണുന്നില്ല. സമയത്ത് ആളുകളും വരുന്നില്ല. കാലേകൂട്ടി പോകുന്നു. അതിന്റെ അടിസ്ഥാനത്തിൽ പല ഓഫീസുകളിലും ഉയർന്ന ഉദ്യോഗസ്ഥൻമാരെക്കൊണ്ട് പരിശോധിപ്പിച്ചു; ഈ സ്ഥിതി മനസ്സിലാക്കാൻ. അടുത്തകാലത്ത് ഒരു ഡിസ്ട്രിക്ട് ഓഫീസ് പരിശോധിച്ചു. 44 പേർ ഉണ്ടായിരിക്കേണ്ട സ്ഥലത്ത് 11 മണി സമയത്ത് 22 പേർ മാത്രമാണ് എത്തിച്ചേർന്നത്. ഇപ്പോഴുള്ള സ്ഥിതി തെറ്റാണ്. വളരെ കർശനമായിട്ട് ഇങ്ങനെയുള്ള അബ്സെന്റിസം ഒഴിവാക്കണം. ഉള്ള സമയത്ത് ജോലിചെയ്താൽ മതി. അതിൽ കൂടുതൽ നമ്മളും ആവശ്യപ്പെടുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾക്ക് സത്വരനടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സെക്രട്ടേറിയറ്റ് മാനുവലിന്റെ ഒന്നും രണ്ടും ചാപ്റ്ററുകളെ സംബന്ധിച്ച് സി.കെ.കെ. പണിക്കരുടെ പഠന റിപ്പോർട്ട് സമർപ്പിച്ചുവെന്നു പറഞ്ഞു. ഡിപ്പാർട്ടുമെന്റ് ഹെഡ്ഡ് ജൂനിയർ ആയിട്ടു വരുമ്പോഴും കളക്ടർമാർ ജൂനിയറായിട്ടു വരുമ്പോഴും സീനിയർ ഉദ്യോഗസ്ഥൻമാർ കാണാതെ പ്രശ്നം പരിഹരിക്കാൻ കഴിയാതെവരുന്നു എന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുകൊണ്ട് സീനിയറായിട്ടുള്ള ആളുകളെ ഡിപ്പാർട്ടുമെന്റ് ഹെഡ്ഡായിട്ട് നിയമിച്ച് ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കാൻ ശ്രമിക്കുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതും പ്രധാന പ്രശ്നമാണ്. എന്നുമാത്രമല്ല അധികാരവികേന്ദ്രീകരണത്തെപ്പറ്റി പറയുമ്പോൾ ഈ സെക്രട്ടേറിയറ്റിൽനിന്നും ഡിപ്പാർട്ടുമെന്റ് മേലദ്ധ്യക്ഷൻമാർക്ക് ഇന്നത്തേക്കാൾ കൂടുതൽ അധികാരം കൊടുക്കണമെന്ന ആശയവും ഞങ്ങൾ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ ഈ പറഞ്ഞ കാര്യങ്ങൾ ഉൾക്കൊള്ളുന്ന ചില വാചകങ്ങൾ പ്രത്യേകമായി പറഞ്ഞിരുന്നു. ഈ കാര്യവും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എ. മജീദ്: ഡിപ്പാർട്ടുമെന്റു ഹെഡ്ഡിന്റെ തീരുമാനം അന്തിമതീരുമാനമായി വരുന്നതുകൊണ്ട് പിന്നെ സെക്രട്ടറിയറ്റിൽ ക്ലാർക്കുമാരുടെ നോട്ട് ആവശ്യമില്ലെന്നു വിദഗ്ദ്ധകമ്മിറ്റി റിപ്പോർട്ടുണ്ട്. അതുസംബന്ധിച്ച ഗവൺമെന്റിന്റെ അഭിപ്രായം എന്താണ്?

ശ്രീ. പി.കെ. വാസുദേവൻ നായർ: അങ്ങനെ ശക്തിയായ ഒരു അഭിപ്രായമുണ്ട്. എല്ലാ കാര്യങ്ങളിലും താഴെ ക്ലാർക്കുതൊട്ടു നോട്ടിട്ടു നോട്ടിട്ടു മുന്നോട്ടുവരുന്ന സമ്പ്രദായംതന്നെ മാറണം; പലതും സീനിയർ ഉദ്യോഗസ്ഥൻമാരുടെ ലെവലിൽതന്നെ കൈകാര്യം ചെയ്താൽ മതി; എന്നാൽ പല തട്ടുകളും ഒഴിവാക്കാൻ കഴിയുമെന്ന അഭിപ്രായം വന്നിട്ടുണ്ട്. അതും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. പി. ഗോപാലൻ: അഡ്മിനിസ്ട്രേറ്റീവ് റിഫോംസിന്റെകൂടെ ഇൻസ്റ്റിറ്റ്യൂഷണൽ ചേഞ്ചസും ആവശ്യമാണെന്ന സ്ഥിതിയിൽ സെക്രട്ടേറിയറ്റിലെ സെക്ഷൻ ഓഫീസർ മുതൽ സ്പെഷ്യൽ സെക്രട്ടറിവരെയുള്ള നിരവധി തട്ടുകളും കാലതാമസം ഒഴിവാക്കാൻ വേണ്ടി ഉണ്ടാക്കിയതാണെന്ന് ബോദ്ധ്യപ്പെട്ടു കഴിഞ്ഞിട്ടും ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലതാമസം ഒഴിവാക്കാനുള്ള ശ്രമം നടത്താത്തതെന്താണ്?

ശ്രീ. പി.കെ. വാസുദേവൻ നായർ: ഇപ്പോഴും ഞാൻ ഉത്തരം പറഞ്ഞതു അതിനാണ്. ചില തട്ടുകളും എടുത്തു കളയുന്നതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

(ചോദ്യം 897 ചോദിച്ചില്ല)

പ്രസിഡന്റിന്റെ മെഡലിന് അർഹരായ ഫയർ സ്റ്റേഷൻ ഓഫീസർമാർ

* 829 [898] ശ്രീ. കെ.പി. വിശ്വനാഥൻ:

,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ:

,, സി.പി. ഗോവിന്ദൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ പോലീസ് ഫയർ സ്റ്റേഷൻ ഓഫീസർമാർക്ക് പ്രസിഡന്റിന്റെ മെഡൽ നൽകുന്നതിലേക്ക് ഓഫീസർമാരെ തെരഞ്ഞെടുക്കുന്നതിന് കേരള സർക്കാർ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്തെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ സ്വാതന്ത്ര്യദിനത്തിൽ ഫയർ സ്റ്റേഷനുകളിൽ നിന്നും എത്ര പേർക്കാണ് മെഡൽ നൽകിയത്; ഫയർ സ്റ്റേഷൻ ഡയറക്ടറുടെ ശുപാർശ അനുസരിച്ചാണോ ഇവരെ തെരഞ്ഞെടുത്തത്;

(സി) ഇവർക്ക് ഗവൺമെന്റ് നിശ്ചയിച്ച മാനദണ്ഡമനുസരിച്ച് വേണ്ടത്ര യോഗ്യത ഉണ്ടെന്ന് ഗവൺമെന്റിന് ബോദ്ധ്യമുണ്ടായിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly